⇨ ഈ വിശ്വമാനവൻ അപരരെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയിരിക്കുന്നു ⇨

# ഞാനേത്? പോത്തേത്? കാടേത്? ജെല്ലിക്കെട്ടഴിയ്ക്കുന്ന മനുഷ്യേതരക്കൂട്ടങ്ങൾ

കഥാന്ത്യത്തിൽ പോത്ത് രക്ഷപ്പെടുന്നത് നന്നായെങ്കിലും ആൾക്കൂട്ടത്തിന്റെ ഹിംസാത്മക മത്സരത്തെ പ്രാചീന ഗോത്രങ്ങളിലെ വേട്ടയുടെ ഹിംസയുമായി ചേർത്തുവെയ്ക്കുന്നതിലൂടെ പോത്തുവേട്ടയുടെ പിറകിലെ പാരിസ്ഥിതിക സാമ്രാജ്യത്വത്തിന്റെ വികസന തൃഷ്ണയുടെ ഭാവപ്പകർച്ചകളെ ജെല്ലിക്കെട്ട് മറച്ചുവെയ്ക്കുന്നു. മലയാളത്തിലെ മനുഷ്യാനന്തര സിനിമയുടെ മികച്ച മാതൃക എന്ന പദവി ഈ സിനിമയ്ക്ക് അതുവഴി നഷ്ടപ്പെടുന്നു.

**കെ. രാജൻ**

**മലയാളികളെ** ഇന്ന് ഭൂതക്കൂട്ടം കൂടുതുറന്ന് ബാധിച്ചു കൊണ്ടിരിക്കുന്നു. നാട്ടിലിറങ്ങുന്ന കാട്ടാനകൾ, പുലികൾ, പന്നികൾ,.. ക്രോധം ഉരുൾപൊട്ടലായി പ്രകടിപ്പിക്കുന്ന വ്രണിതരായ കുന്നുകൾ, ക്ഷോഭിക്കുന്ന നദികൾ, കടൽ, മലനിരകൾ, കേരള ആരോഗ്യമോഡലിനെ വെല്ലുവിളിക്കുന്ന സൂക്ഷ്മരോഗാണുക്കൾ, പാർപ്പിട നയങ്ങളെയും മണ്ണു-ജല മാനേജ്മെന്റിനെയും നിയമങ്ങളെയും ലംഘിക്കുന്ന മഴയുടെ സിവിൽ നിയമ ലംഘനം. ദിവ്യത്തിന്റെ ക്രോധം നമ്മെ പല രീതിയിൽ വിചാരണ ചെയ്യുന്നു. പ്രപഞ്ച രാഷ്ട്രീയത്തിന്റെ വിഷയികളായി ചരിത്ര സ്രഷ്ടാക്കളായി ജീവജാലങ്ങളും സൂക്ഷ്മാണുക്കളും വസ്തുസമുച്ചയങ്ങളും കാറ്റുകളും മഴയും സമരം നടത്തിക്കൊണ്ടിരിക്കുന്നു.

ഈ വിചാരണയിലെ ഒന്നാം പ്രതി മനുഷ്യരാശിയല്ല. പാശ്ചാത്യാധിനിവേശത്തിന്റെ ഭാഗമായ പാരിസ്ഥിതിക സാമ്രാജ്യത്വമാണ്. വികസനം (പുരോഗതി) സാർവലൗകികത, യുക്തിപരത, മാനവികതാവാദം, മതേതരത്വം എന്നീ വശീകരണമന്ത്രങ്ങൾ യൂറോസെൻട്രിക് വികസന മാതൃകയുടെ നശീകരണ സ്വഭാവത്തെ മറച്ചുവെയ്ക്കുന്നു. പാശ്ചാത്യവിരാട് പുരുഷന്റെ ഭോഗത്തിന്റെ വിസർജ്യങ്ങൾ അണുനിലയവിസർജ്യങ്ങളായി, ഉപഭോഗ വസ്തുക്കളായി, അണക്കെട്ടിന്റെ ടെക്നോളജി വിസർജ്യമായി, ദക്ഷിണാർദ്ധഗോളനിവാസികൾ ഗുണഭോക്താക്കളായി തിന്നുകൊണ്ടിരിക്കുന്നു. വെള്ളക്കാരനും നഗരവാസിയും ഭിന്നലൈംഗിക കുടുംബനാഥനും, ശാസ്ത്ര/യുക്തിവാദിയും ക്രിസ്ത്യാനിയും ആയ ഈ വിശ്വമാനവൻ (കേരളശാസ്ത്രസാഹിത്യ പരിഷത്തിന്റെ ചിഹ്നം) അപരരെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയിരിക്കുന്നു. പ്രാകൃതരും അന്ധവിശ്വാസികളും അവികസിതരും അയുക്തിയുടെ സ്ത്രൈണഭാവമുള്ളവരും ചരിത്രമില്ലാത്തവരുമായി മുദ്രകുത്തുന്നു. ഭിന്നതകളുടെ തിരശ്ചീനതലത്തെ വംശീയവും ലിംഗപരവും ലൈംഗികവും വർഗ്ഗപരവും സ്ഥലപരവും ജാതീയവും ആയ മേൽ/ കീഴ്വിഭജനത്തിലൂടെ ലംബമാനബന്ധങ്ങളാക്കുന്നു. ഇത് ജൈവരാഷ്ട്രീയമല്ല. മരണ രാഷ്ട്രീയമാണ്. ജീവനെ പരിപാലിക്കുകയും ജൈവശക്തിയെ വിനിയോഗിക്കുകയും ചെയ്യുന്നതായി നടിക്കുന്നത് മരണ രാഷ്ട്രീയത്തെ ശക്തിപ്പെടുത്താനാണ്. ആരു ജീവിക്കണം, ആരു മരിക്കണം എന്നു തീരുമാനിക്കാനുള്ള പരമാധികാരം നശീകരണവും വശീകരണവും ഒപ്പം പ്രയോഗി

ക്കുന്നു. അധികാരാഭിചാരത്തിന് മാരണവും സ്തംഭനവും വശ്യവും ഉണ്ട്.

യൂറോസെൻട്രിക് മനുഷ്യമാതൃക നിലനിൽക്കുന്നത് ആധുനികതയുടെയും ജനാധിപത്യത്തിന്റെയും അധികാരകുത്തക അവകാശപ്പെട്ടുകൊണ്ടാണ്. ആധുനികതയുടെ സ്ഥലപരമായ കേന്ദ്രവും ഉറവിടവും യൂറോപ്പും, കാലം പതിനഞ്ചാം നൂറ്റാണ്ടും, വിഷയി യൂറോപ്യൻ പുരുഷനും ആണെന്ന അഹന്തയെ ചോദ്യം ചെയ്തുകൊണ്ട് ആധുനികതാന്തരതയുടെ നിലപാടുകൾ ഉയർന്നു വന്നിട്ടുണ്ട്. യൂറോപ്പിന്റെ കോളനിവത്ക്കരണത്തിന്റെ ഫലമാണ് ആധുനികത കാരണമല്ല. ദക്ഷിണാർദ്ധഗോളത്തിലെ ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ, ആസ്ട്രേലിയൻ വൻകരകളുടെ വിഭവങ്ങളും പ്രകൃതി വിഭവങ്ങളും സംസ്ക്കാരവും അറിവുകളും കൊള്ളയടിച്ചുകൊണ്ടാണ് യൂറോപ്പ് ലോകകേന്ദ്രമായത്. കൊള്ളമുതലിന്റെ അധികം യൂറോപ്യൻ നിവാസികൾക്ക് പങ്കിട്ടുകൊണ്ടാണ് യൂറോപ്യരുടെ ജനാധിപത്യം നിലനിൽക്കുന്നത്. കോളനി നിവാസികളുടെ ന്യൂനതയിലാണ് ഈ അധികം. കോളനി നിവാസികൾ ശൂന്യമാണ്. സ്വയം ശൂന്യരായി അപരസംഖ്യകൾക്ക് മൂല്യം നൽകുന്ന ശൂന്യം.

പാശ്ചാത്യപുരുഷ(മനുഷ്യ)മാതൃകയെ അപനിർമ്മിക്കുമ്പോൾ പാശ്ചാത്യ വിരാട്പുരുഷന്റെ വിശ്വരൂപത്തെ ഇന്ന് അപരർ മനുഷ്യനന്തരരൂപി (posthuman)യായി മാറ്റിവരച്ചു തുടങ്ങിയിരിക്കുന്നു. പ്രകൃതിയെ വസ്തു സ്ഥാനവും പുറം ഇടവുമായി കാണുന്ന കാർട്ടീഷ്യൻ വിഷയി ഇന്ന് പോസ്റ്റ്-കാർട്ടീഷ്യൻ വിഷയിയ്ക്ക് വഴി മാറുന്നു. മനുഷ്യർക്കൊപ്പം രാഷ്ട്രീയവിഷയികളായി ജീവജാലങ്ങളും സൂക്ഷ്മജീവികളും വസ്തുക്കളും അംഗീകരിക്കപ്പെടുന്നു.

ഗോത്രവിഭാഗങ്ങളും കാർഷികസമൂഹങ്ങളും ഏഷ്യയിലെ ബുദ്ധ-ജൈന-ശൈവ-ദേവി വ്യവഹാരങ്ങളും മനുഷ്യരും ജീവജാലങ്ങളും തമ്മിലുള്ള സഹാസ്തിത്വത്തിന്റെ പുറപ്പാടുകളാണ്. യേശുക്രിസ്തു, സെന്റ് ഫ്രാൻസിസ്, എന്നിവരുടെ പ്രകൃതി-മനുഷ്യ സമഭാവന ദൈവത്തെ അധിനിവേശപുരുഷ മാതൃകയിലേക്കു മാറ്റുന്ന യൂറോസെൻട്രിക് ക്രിസ്തുമതത്തെ മറികടന്നുകൊണ്ട് നിലനിൽക്കുന്നു. ഇസ്ലാമിന്റെ പ്രകൃതിദർശനം ദൈവത്തിന്റെ മുമ്പിലെ മനുഷ്യവംശങ്ങളുടെ തുല്യതയെയും ജൈവതുല്യതയെയും ഉയർത്തിപ്പിടിക്കുന്നു. പ്രകൃതിയുടെ അധികാരികളല്ല; കൈകാര്യകർത്താക്കളാണ് മനുഷ്യർ.


പാശ്ചാത്യാധിനിവേശത്തിന്റെ പടവുകൾ നവോത്ഥാനം, പാശ്ചാത്യ പ്രബുദ്ധതാപദ്ധതി, വ്യവസായവിപ്ലവം, ഫ്രഞ്ചുവിപ്ലവം എന്നിവയാണ്. കാന്റ്, ഹെഗൽ, ദെക്കാർത്തെ, ഫ്രാൻസിസ് ബേക്കൺ എന്നിവർ അധിനിവേശത്തിന്റെ ബ്ലൂപ്രിന്റും സംസ്ക്കാരികവക്കാലത്തും തയ്യാറാക്കി. സ്പിനോസ, റൂസ്സോ, കാൾ മാർക്സ്, സിഗ്മണ്ട് ഫ്രോയിഡ്, മാർട്ടിൻ ഹൈഡഗർ എന്നീ എതിർ ആധുനികതയുടെ ധാരയും ജാക്വസ് ദെരിദ, മിഷേൽ ഫൂക്കോ, ഗീത്സ് ഡെല്യൂസ്, ഫെലിക്സ് ഗ്വേത്താരി, ലോത്ത്യോർ, ബോദ്രിലർ എന്നീ ആധുനികാനന്തര ചിന്തകരും സ്ലാവോജ് സിസെക്, ജോർജിയോ അഗംബെൻ, അന്ത്യോണോ നെഗ്രി, അലെൻ ബാദ്യൂ, ഹേബർമാസ് എന്നീ സമകാലീന യൂറോപ്യൻ ചിന്തകരും സാർവലൗകികത, മാനവികതാവാദം, യുക്തിപരത, എന്നിവയെ ചോദ്യം ചെയ്യുന്നുണ്ട്. പക്ഷെ, കോളനിവത്ക്കരണത്തിന്റെ പ്രശ്നങ്ങളെ നേരിടുന്നില്ല. യൂറോകേന്ദ്രിത ആധുനികതയുടെ യൂറോസെൻട്രിക്ക് വിമർശകരാണ് ഇവർ.


പാശ്ചാത്യ തത്ത്വചിന്തയിലെ മനുഷ്യാനന്തരവാദം (posthumanism) ഇന്ന് പലധാരകളുള്ളതാണ്. റോസിബ്രയോട്ടി, ഫ്രാൻസിസ്കോ ഫെറാണ്ടോ ഡോണാഹാരവേ എന്നിവരുടെ മനുഷ്യാനന്തരസ്ത്രീവാദം, ബ്രൂണോ ലാത്വോർ തുടങ്ങിയവരുടെ ക്രിയാകാര-ശൃംഖലാ സിദ്ധാന്തം (actor-netwok theory) കാരെൻബാരദിന്റെ നിർവഹണപരമായ റിയലിസം (agential realism) ഗ്രഹാം ഹർമ്മന്റെ വസ്തുന്മുഖ ഭവശാസ്ത്രം (object oriented ontology) നവഭൗതികവാദം, നിഗമനാത്മകറിയലിസം (speculative realism) ജാനെബെന്നറ്റിന്റെ vibrant matter എന്ന ഗ്രന്ഥം, ഭൗതികസ്ത്രീവാദം (material feminism) വിമർശനാത്മക റിയലിസം (critical realism) എന്നിവ മനുഷ്യാനന്തര വിഷയിസങ്കൽപ്പത്തെ പലരീതിയിൽ വികസിപ്പിക്കുന്നുണ്ട്. ജീവജാലങ്ങൾ, സൂക്ഷ്മജീവികൾ, വസ്തുക്കൾ എന്നിവയ്ക്ക് വസ്തു സ്ഥാനത്തിൽ നിന്ന് വിഷയസ്ഥാനത്തേക്ക് ഇടം നൽകിയിട്ടുണ്ട്.


### അപകോളനീകരണാത്മക പരിസ്ഥിതി ദർശനം


അപകോളനീകരണാത്മക സ്ത്രീവാദം, അപകോളനീകരണാത്മക പരിസ്ഥിതി ദർശനം, അപകോളനീകരണാത്മക മനുഷ്യാനന്തരവാദം എന്നിവ ഇന്ന് സഹയാത്രികരാണ്. എന്റിക് ഡുസ്സെൽ, അനിബാൾ ക്വിജാനോ, വാൾട്ടർമിഗ്നാലോ, റാമോൺ ഗ്രോസ്ഫോഗ്വേൽ, ആൾത്തൂറോ എസ്കോബാർ, സിൽവിയ വിന്റർ, മറിയ ലുഗോനസ്, നെത്സൺ മാൽഡോനാഡോ ടോറെസ്, എന്നീ ലാറ്റിനമേരിക്കൻ ചിന്തകരും ചന്ദ്രതൽപ്പദെ മൊഹന്തി, ലൂയിസ് ഗോർഡൻ,

⇨ ഈ സിനിമകളിലെ ജീവജാലങ്ങൾ അയുക്തികമായ സംഹാരാത്മകത പ്രകടിപ്പിക്കുന്നു ⇨










അഷീഷ് നന്ദി, വിനയ്‌ലാൽ, സിയാവുദ്ദീൻ സർദാർ, ഹമീദ് ദബാഷി .... എന്നീ ഏഷ്യൻ ആഫ്രിക്കൻ ചിന്തകരും, ആധുനികതാന്തരതയുടെ അപകോളനീകരണ പദ്ധതിയുടെ കൂട്ടുവഴികളെ വെട്ടിത്തെളിയിക്കുന്നു. സയ്യിദ് മുസ്തഫ അലി അപകോളനീകരണാത്മക ഇസ്ലാമിനെ അവതരിപ്പിക്കുന്നു. ഡോ. വർഷ ബഷീർ, ഉമ്മുൽ ഫായിസ എന്നീ മലയാളി സ്ത്രീകൾ അപകോളനീകരണാത്മക ഇസ്ലാമിക ഫെമിനിസത്തിന്റെ പുതുമൊഴികളാണ്. അപകോളനീകരണാത്മക മനുഷ്യാനന്തര ചിന്ത ഈ വഴികളുമായുള്ള പാരസ്പര്യം പുലർത്തുന്നു. പ്രകൃതി/സംസ്കൃതി, പ്രാകൃതൻ/നാഗരികൻ എന്നീ ദ്വന്ദ്വങ്ങളെ മറികടക്കുന്ന ഈ കാഴ്ച്ചപ്പാട് പ്രകൃതിയെ ഗണനാമം (generic name) ആയി കരുതുന്നു. വനപ്രകൃതി, സമുദ്രപ്രകൃതി, സംസ്കാരപ്രകൃതി, ധാർമ്മികപ്രകൃതി എന്നിങ്ങനെ നീളുന്നതാണ് പ്രകൃതിശൃംഖല.

## പാരിസ്ഥിതിക സാമ്രാജ്യത്വത്തിന്റെ സിനിമായന്ത്രങ്ങൾ

ഹോളിവുഡ് സിനിമയുടെ ചരിത്രം വെള്ളക്കാരൻ/ശാസ്ത്ര/വികസന പുരുഷന്റെ ഉദ്ധരിച്ച തൃഷ്ണകളുടെ സ്ഖലനചരിത്രമാണ്. അപരരെ കുത്തിക്കൊല്ലുകയും നക്കിക്കൊല്ലുകയും ചെയ്യുന്ന ഇരട്ടതന്ത്രം പ്രകൃതിയോടും ജീവജാലങ്ങളോടും ഉണ്ട്.

കിംഗ്കോങ്ങ്, ജ്വാസ്, ജുറാസിക്ക് പാർക്ക്, ഗോഡ്സില്ല, പ്ലാനറ്റ് ഓഫ് ഐപ്പ്സ്, അനക്കോണ്ട എന്നീ പരമ്പരകൾ മൃഗഭീകരത അവതരിപ്പിക്കുന്നു. ദ വോൾഫ്, വോൾഫ്മാൻ, ഗ്രേ(ചെന്നായ്), ഗോസ്റ്റ് ആന്റ് ഡാർക്ക്നസ്സ് (സിംഹം) എന്നിവയിലും മൃഗഭീകരത കാണാം. ഹിച്ച്കോക്കിന്റെ ദ ബേർഡ് തുടങ്ങിയവയിൽ പക്ഷിഭീകരതയുണ്ട്. സ്പീഷീസ്, ടെർമിനേറ്റർ, ഫ്രാങ്കൻസ്റ്റീൻ, എക്സ്മെൻ.... തുടങ്ങിവയിൽ നല്ലതും കെട്ടതുമായ മനുഷ്യാനന്തര രൂപികളുണ്ട്. ഡെസ്റ്റോപ്പിയ ചിത്രങ്ങളും, അപ്പോകാലിസ്റ്റിക് സിനിമകളും അത്യാഹിതചിത്രങ്ങളും മനുഷ്യശാസ്ത്ര വിജയത്തിന്റെ വീരഗാഥകളാണ്. ഈ സിനിമകളിലെ ജീവജാലങ്ങൾ അയുക്തികമായ സംഹാരാത്മകത പ്രകടിപ്പിക്കുന്നു. മനുഷ്യ-ജീവജാലബന്ധം അങ്ങേയറ്റം നിഷേധാത്മകമായി ഇവ അവതരിപ്പിക്കുന്നു. മൃഗം മനുഷ്യനന്മയെ നിർവചിക്കുന്ന അപരമാകുന്നു. ജീവജാലങ്ങൾ വേട്ടയിൽ മുറിവേൽക്കുമ്പോഴോ, ആവാസവ്യവസ്ഥ നശിച്ച് വാസവും ജീവനവും പ്രതിസന്ധിയിലാകുമ്പോഴോ മാത്രമാണ് അക്രമം പ്രകടിപ്പിക്കുന്നത്. The emerald forest, The dance with wolves, The last of Mohicans, Avatar എന്നീ സിനിമകളിൽ ഗോത്രങ്ങളും, ജീവജാലങ്ങളും പ്രകൃതിയും നല്ല രീതിയിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. പക്ഷെ അവയിലെ രക്ഷകർ യൂറോപ്യൻ പുരുഷന്മാരാണ്. നല്ല ജീവികളെ Hidalgo, The war horse, The Lion King, Chronicles of Narnia എന്നീ സിനിമകളിൽ അവതരിപ്പിക്കുന്നുണ്ട്.

ടാർസൻ, ഫാന്റം എന്നീ പുതുമിത്തുകൾ പ്രകൃത്യധിനിവേശകരെ കുറിച്ചാണ്. നല്ല പ്രകൃതിയും ചീത്ത പ്രകൃതിയും ഉണ്ട്. നല്ല മൃഗങ്ങളും ചീത്ത മൃഗങ്ങളും. അക്കിരാ കുറോസോവയുടെ ദർസു ഉസാല (1975), കൊറിയൻ സിനിമയായ ദ ടൈഗർ (2015), ചൈനീസ് സിനിമയായ വുൾഫ് ടോട്ടം (2015), വെനിസ്വേലൻ ചിത്രമായ ദ എംബ്രേസ് ഓഫ് സർപ്പന്റ്(2015) എന്നിവ അപകോളനീകരണാത്മക പാരിസ്ഥിതിക സിനിമകളാണ്.

ഹിന്ദി സിനിമയിൽ നാഗിൻ(1976) ഹിസ്സ് (2010) ജാനിദുഷ്മൻ (1979) എന്നിവ മൃഗഭീകരത അവതരിപ്പിക്കുന്നുണ്ടെങ്കിലും അവരുടെ പ്രതികാരം ഇരയുടെ പ്രതികാരമാണ്. തമിഴ് സിനിമയിലെ ദ്രാവിഡ സംസ്ക്കാരത്തിലെ മൃഗ-മനുഷ്യസഹവർത്തിത്വത്തിൽ നിന്നാണ് തേ

വർ സിനിമകൾ ഉണ്ടാകുന്നത്. ആനൈപാകൻ(1960), എം.ജി.ആർ നടിച്ച വേട്ടക്കാരൻ (1967), കാട്ടുറാണി (1965) നല്ലനേരം (1972) ഗോമാതാ എൻ കുലമാത (1973) വെള്ളിക്കളമൈവ്രതം (1971) ആട്ടുക്കാര അലമേലു (1980), തായ് മീതെ സത്യം, അന്നൈ ഒരു ആലയം എന്നീ സിനിമകളിൽ മനുഷ്യ-മൃഗസൗഹൃദം ഉണ്ട്.

### കേരളത്തിന്റെ ആധുനികതാന്തരതയുടെ ബഹുലൗകികത

ആധുനികതാന്തരത പ്രപഞ്ചത്തെയും ഭൂഗോളത്തെയും തന്മ, അന്തഃസ്സാരം (substance) സമഗ്രത എന്നിവയിലൂടെയല്ല ഭിന്നത, പ്രക്രിയ, ബന്ധപരത എന്നിവയിലൂടെയാണ് കാണുന്നത്. ഇത് ദ്വന്ദ്വാനന്തരചിന്ത (post-dualistic thought) ആണ്. പ്രകൃതി/സംസ്കാരം, സ്ത്രൈണം/പൗരുഷം, വൈരൂപ്യം/സൗന്ദര്യം, ഭൗതികം/ ആത്മീയം, ശരീരം/ആത്മാവ്, അനന്തം/സാന്തം, അതീതം/അന്തഃസ്ഥിതം എന്നീ ദ്വന്ദ്വങ്ങൾ അസമത്വങ്ങളെ സൃഷ്ടിക്കുന്നു. യാഥാർത്ഥ്യം ദ്വന്ദ്വങ്ങളെ മറികടക്കുന്ന പ്രകടനമാണ് (Queer performitivity) അന്തഃസ്സാരമോ, അടിസ്ഥാനമോ, ഇല്ല. ആധുനികതാന്തരതയുടെ ഭവശാസ്ത്ര-ജ്ഞാന-ധാർമ്മിക പദ്ധതി ഭവം, കാലം, അനന്തത, വിഷയി, ശരീരം, ഭൗതികത, ശാസ്ത്രം, മതം എന്നിവയെ ഭവാന്തരതയായും ചരിത്രാന്തരകാലമായും (transhistorical time) സാന്താന്തര അനന്തതകളായും (transfiniteinfinities) ശരീരാന്തരത (transcorporeality) യായും, ഭൗതികാന്തരത(transmateriality)യായും ശാസ്ത്രാന്തരതയും മതാന്തരതയായും കാണുന്നു.

### മലയാള സിനിമയിലെ വികസനാധുനികത

വികസനാധുനികതയുടെ മതത്തിൽ പണം ദൈവമായും ചന്ത ക്ഷേത്രമായും ക്രയവിക്രയം അനുഷ്ഠാനമായും മാറി. ശാസ്ത്രം വേദമായി. യന്ത്രം വിഗ്രഹമായി. അണക്കെട്ടുകളും വികസന സ്ഥാനങ്ങളും ക്ഷേത്രങ്ങളായി. മലയാള സിനിമയിൽ വികസനതൃഷ്ണ പ്രകടമാണ്. എങ്കിലും കാടും ജീവജാലങ്ങളും ടൂറിസ്റ്റ് കൗതുകമായി അവതരിപ്പിച്ചിട്ടുണ്ട്. വനമാല(1951)യാണ് ആദ്യത്തെ 'കാട്ടു'സിനിമ.

നീലയുടെ ബാനറിൽ പി. സുബ്രഹ്മണ്യം സംവിധാനം ചെയ്ത ആന വളർത്തിയ വാനമ്പാടി (1959) കാട്ടുമൈന (1963) കാട്ടുമല്ലിക (1966) കാട് (1973) ചെന്നായ വളർത്തിയ കുട്ടി (1976) എന്നീ സിനിമകളിൽ മൃഗ-മനുഷ്യമൈത്രിയുണ്ട്. അഗ്നിമൃഗം, കാട്, സിന്ദൂരച്ചെപ്പ് എന്നിവയിൽ യഥാക്രമം സിംഹവും ആനയുമായുള്ള സംഘർഷവും സൗഹൃദവും ഉണ്ട്. ഗുരുവായൂർ കേശവൻ, ആനപ്പാച്ചൻ, പഞ്ചമി, ആന, പട്ടാഭിഷേകം, ഗജകേസരിയോഗം, ആനയ്ക്കൊരുമ്മ, സമ്മാനം, മൃഗയ എന്നീ സിനിമകളിൽ മൃഗങ്ങൾ നല്ല മൃഗമായും ചീത്ത മൃഗമായും അവതരിക്കുന്നു. അമ്മുവിന്റെ ആട്ടിൻകുട്ടി എന്ന സിനിമ കുട്ടികളും മൃഗവും തമ്മിലുള്ള മൈത്രിയെ അടയാളപ്പെടുത്തുന്നു. സി.ഐ.ഡി മൂസ, മൈ ഡിയർ കരടി, ആനച്ചന്തം, റിംഗ് മാസ്റ്റർ, എന്നിവയിലെ നായ, കരടി എന്നീ മൃഗങ്ങൾ ഹാസ്യരസം സൃഷ്ടിക്കുന്നു. ഏഴാമത്തെ വരവ് എന്ന സിനിമയിലെ പുലി കഥാനായകന്റെ ക്രൂരതയുടെ മറുപുറമാണ്. മലയാളത്തിലെ പാരിസ്ഥിതിക സിനിമയുടെ മാതൃകകൾ കാഞ്ചനസീത, ഒരിടത്ത്, ആദാമിന്റെ മകൻ അബു, വലിയ ചിറകുള്ള പക്ഷികൾ, ഒറ്റാൽ, ജലമർമ്മരം, ഭൂമിയുടെ അവകാശികൾ, പേരറിയാത്തവർ, ജലാംശം, വീട്ടിലേക്കുള്ള വഴി, പാപ്പിലിയോ ബുദ്ധ, രാമന്റെ ഏദൻ തോട്ടം എന്നിവയാണ്.

### പ്രകൃതിയുടെ അപകോളനീകരണം

ചരാചരങ്ങളുടെ സഹാസ്തിത്വത്തിന്റെ സംഗീത സിംഫണിയിലെ പങ്കാളികളാണ് ജീവജാലങ്ങളും മനുഷ്യരും സസ്യങ്ങളും സൂക്ഷ്മജീവികളും, പരിണാമചരിത്രം ഭൗതികത, ജൈവീകത, മാനുഷികത എന്നീ രേഖീയ ഘട്ടങ്ങളിലൂടെയുള്ള വികാസമാണെന്ന് യുക്തിവാദി -ശാസ്ത്രവാദി ഇരട്ടപ്പൊട്ടന്മാർക്കു വേണ്ടി കെ. വേണു പ്രകൃതി, സ്വാതന്ത്ര്യം, ജനാധിപത്യം എന്ന പുസ്തകത്തിൽ വാദിക്കുന്നു. മനുഷ്യരുടെ വിനിമയരീതികൾക്ക് ജീവികളുടെ വിനിമയ രീതികളെക്കാൾ ഒരു മികവുമില്ല. അവ ഭിന്നമാണ്. താരതമ്യം ചെയ്യാനാവില്ല. പൂമ്പാറ്റകളും തേനീച്ചകളും നശിച്ചാൽ മനുഷ്യകുലം നശിക്കും. മനുഷ്യകുലം നശിച്ചാൽ ജീവജാലങ്ങൾ നശിക്കാനിടയില്ല.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ബ്രാഹ്മണ മേൽക്കോയ്മ സൃഷ്ടിച്ച ജാതിവ്യവസ്ഥ ജാതീയവിവേചനം മാത്രമല്ല ലിംഗവിവേചനവും ജീവജാല വിവേചനവും സൃഷ്ടിച്ചിട്ടുണ്ട്. വിശുദ്ധാവിശുദ്ധഭേദത്തിന്റെ അതിരുകൾ പ്രകൃതി ബന്ധത്തിലും കാണാം. ഈ ആഭ്യന്തരകോളനിവൽക്കരണം പ്രകൃതികോളനി വൽക്കരണം കൂടിയാണ്. വേദങ്ങളിൽ ഇന്ദ്രൻ ദസ്യുക്കളുടെ അണക്കെട്ടു തകർക്കുന്ന വീരനാണ്. പ്രകൃതിഭോഗവസ്തുക്കളുടെ ഇടമാണ്. അർത്ഥശാസ്ത്രത്തിലെ വനമാനേജ്മെന്റ് നിർദ്ദേശങ്ങൾ പാരിസ്ഥിതികമല്ല. രാമായണം ബ്രാഹ്മണ-ക്ഷത്രിയ തന്ത്രങ്ങൾ ഭൂമിദേവിയുടെ ദ്രാവിഡപുത്രിയോടും കാട് ആളുന്നവരോടും കാണിച്ച ഹിംസയുടെ പാപം ഏറ്റുവാങ്ങുന്നു. മഹാഭാരതം തുടങ്ങുന്നത് സർപ്പയാഗത്തോടെ

യാണ്. കീഴാള ഹിന്ദു ആത്മീയതയുടെ ജീവധാരകൾ ശൈവ കൃഷ്ണ-ദേവീ മാർഗ്ഗങ്ങളിലുണ്ട്. കൃഷ്ണൻ ഇടയരുടെ പാരിസ്ഥിതിക ചൈതന്യത്തിന്റെ മൂർത്തിയാണ്. ഇന്ദ്രന് യാഗം നൽകരുത്, ഗോവർദ്ധന പർവ്വതത്തെ പൂജിക്കുക എന്നാണ് കൃഷ്ണകൽപ്പന. ശിവശക്തി താണ്ഡവം ജീവജാലങ്ങളിലെ ആൺ പെൺ ഭാവങ്ങൾ ഒരുമിക്കുന്ന ലിംഗപ്പകർച്ചാ പാരിസ്ഥിതിക ആത്മീയത (queer ecological spirituality)യാണ്. ബുദ്ധജൈന ധർമ്മങ്ങൾ ചരാചരമൈത്രിയുടെ ജൈവസാമൂഹിക നീതിയാണ്. പ്രതീത്യസമുൽപ്പാദം, മാധ്യമിക ദർശന അനേകാന്തവാദം എന്നിവ പ്രക്രിയാപരവും ഭിന്നതാപരവും ബന്ധപരവും ആയ ഭവ-ജ്ഞാന-ധാർമ്മിക പദ്ധതിയാണ്.

ഗോത്രസമൂഹങ്ങളിലെ ചരാചരമൈത്രി മൃഗാനുകരണ നൃത്തങ്ങളിലുണ്ട്. പഴന്തമിഴ് ഘട്ടത്തിലെ തിണ സങ്കൽപ്പത്തിൽ ഭൂപ്രകൃതിയുടെയും സംസ്ക്കാര പ്രകൃതിയുടെയും പാരസ്പര്യം കാണാം.

മനുഷ്യരുടെ വിനിമയരീതികൾക്ക് ജീവികളുടെ വിനിമയരീതികളെക്കാൾ ഒരു മികവുമില്ല. അവ ഭിന്നമാണ്. താരതമ്യം ചെയ്യാനാവില്ല. പൂമ്പാറ്റകളും തേനീച്ചകളും നശിച്ചാൽ മനുഷ്യകുലം നശിക്കും. മനുഷ്യകുലം നശിച്ചാൽ ജീവജാലങ്ങൾ നശിക്കാനിടയില്ല.

എട്ടാം നൂറ്റാണ്ടോടെ കേരളത്തിലുണ്ടായ ബ്രാഹ്മണാധിനിവേശത്തിന്റെ വാമനൻ ഗോത്രധാർമ്മികതയുടെ മഹാബലികാലത്തെ പാതാളത്തിലേക്ക് ചവിട്ടി താഴ്ത്തി. ബ്രാഹ്മണവിരാട് പുരുഷന്റെ ഉടലിലെ തലസ്ഥാനം നമ്പൂതിരിയും ക്ഷാത്രബലം നായന്മാരും കുടിയായ്മാസ്ഥാനം മധ്യമജാതികളും അടിത്തട്ട് അടിയാളരും ആയി. ക്രിസ്ത്യൻ മുസ്ലീം യഹൂദ വിഭാഗങ്ങൾ വൈശ്യസ്ഥാനം നികത്തി. ഒരു കയ്യിൽ പരശുവും മറുകയ്യിൽ ശാങ്കരസ്മൃതിയും ഭാഷാകൗടിലീയവുമായി വിരാട് പുരുഷൻ നൃത്തമാടി. കാവുകൾ ക്ഷേത്രങ്ങളായി. മാതൃദേവികൾ സവർണ്ണദേവന്മാരുടെ ഭാര്യമാരായി.

ജോർജസ് ബതായി വിശുദ്ധം, പരമാധികാരം, അതിതരണം എന്നിവയെ പരസ്പരം ബന്ധപ്പെടുത്തുന്നു. ഉൽപ്പാദനം ഊർജ്ജ ചംക്രമണമാണ്. ഊർജ്ജമിച്ചവും വിഭവമിച്ചവും ബലി, രതി, ഉത്സവങ്ങൾ, സമ്മാനം, കല എന്നിവ വഴി പുറന്തള്ളുന്നതിലൂടെയാണ് വിശുദ്ധം സൃഷ്ടിക്കപ്പെടുന്നത്. മതം വിശുദ്ധവും ലൗകികവും തമ്മിലുള്ള ബന്ധമാണ്. ആന്തരികാനുഭവം എന്ന ബദൽ വിനിമയരീതി തന്മ, നിയമം എന്നിവയുടെ അതിരുകൾ ലംഘിച്ച് സംഭാഷണം, ചിരി, സൗഹൃദം, രതി, കലാപ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുന്നു. യുക്തി/വികാരം, ഭവം/അസ്തിത്വം, അറിയൽ/അറിയാതിരിക്കൽ, വിലക്ക്/വിലക്ക് ലംഘിക്കൽ, നന്മ/പാപം, ജീവിതം/മരണം, അദ്ധ്വാനം/കളി, പദ്ധതി/നഷ്ടം എന്നിവയിൽ ആദ്യത്തേത് സാദ്ധ്യമായവയും രണ്ടാമത്തേത് അസാധ്യമായവയും ആണ്. അസാധ്യതയിലേക്ക് ചിറകുവിരുത്തുന്ന അതിതരണത്തിലൂടെ ആനന്ദവും സ്നേഹവും സ്വാതന്ത്ര്യവും സാധ്യമാകുന്നു.(2)

യാഗവും ക്ഷേത്ര സംസ്കാരവും, ബഹുത്വത്തെയും ഏകീകരിച്ച് ഏകമാനമാക്കുമ്പോൾ കാവുസംസ്ക്കാരവും ഉത്സവങ്ങളും ബഹുത്വത്തെ ആഘോഷിക്കുന്നു. ആദ്യത്തേത് വിശുദ്ധാവിശുദ്ധഭേദം പുലർത്തുന്നു. രണ്ടാമത്തേത് ഇവയെ ഇടകലർത്തുന്നു. ജാതി ലിംഗ വർഗ്ഗ വിവേചനം താൽക്കാലികമായി മറികടക്കുന്നു. ആദ്യത്തേത് അധിഭൗതികമായിരിക്കുമ്പോൾ രണ്ടാമത്തേത് ശരീരത്തിന്റെ ആത്മീയതയാണ്. മേലാളപരേതാത്മാക്കൾ സ്വർഗ്ഗത്തിൽ പോകുമ്പോൾ കീഴാള പരേതാത്മാക്കളും പ്രേതങ്ങളും ജീവിക്കുന്നവർക്കിടയിൽ വൃക്ഷങ്ങൾക്കിടയിൽ തുടരുന്നു.

സവർണ്ണർ വിശുദ്ധത്തെ സൃഷ്ടിക്കുന്നത് അപരരെ ബലികൊടുത്തു കൊണ്ടാണ്. ബഹുജന വ്യവഹാരങ്ങളിലാണ് വിശുദ്ധപദവിയില്ലാത്ത ബലി മൃഗങ്ങളായ അസുരരും സാധാരണക്കാരും വിശുദ്ധി നേടുന്നത്. ബ്രഹ്മവിദ്യയും ബ്രഹ്മജ്ഞാനവും സവർണ്ണർക്ക് ജന്മനാ വിശുദ്ധി നൽകുന്നുണ്ട്. വിശുദ്ധ നിർമ്മാണത്തിന്റെ രണ്ടു രീതികളും അവയുടെ സങ്കരതകളും ഉണ്ട്. വിശുദ്ധഹിംസയും അവിശുദ്ധഹിംസയുമുണ്ട്. സവർണ്ണർ കീഴാളരെ ഹിംസിക്കുന്നത് വിശുദ്ധീകരണക്രിയയായി, മോക്ഷദാനമായി കരുതുന്നു. വിശുദ്ധഹിംസയും അവിശുദ്ധ ഹിംസയും തമ്മിൽ വേർതിരിക്കാൻ കഴിയാതിരിക്കുമ്പോൾ ബലിപരമായ പ്രതിസന്ധി ഉണ്ടാകുന്നു.(3)

### പാശ്ചാത്യാധിനിവേശത്തിന്റെ അഭിനിവേശങ്ങൾ

15-ാം നൂറ്റാണ്ടിൽ പോർച്ച്ഗീസുകാരുടെ വരവിനെ തുടർന്ന് ഡച്ച്, ഫ്രഞ്ച്, ബ്രിട്ടീഷ് ശക്തികളും എത്തിച്ചേർന്നു. തദ്ദേശീയരും, നാടുവാഴികളും പരദേശികളും പല രീതിയിൽ പോരിലും പൊരുത്തത്തിലും ഏർപ്പെട്ടു. മുസ്ലീങ്ങളും തദ്ദേശീയ ക്രിസ്ത്യാനികളും കീഴാളരും



സൃഷ്ടിച്ച ബഹുലൗകികതയുടെ ബഹുത്വം കൊണ്ട് യൂറോകേന്ദ്രിത കോളനിവൽക്കരണത്തിന്റെ കാമക്രോധലോഭമോഹങ്ങളെ നാം നേരിട്ടു.

തദ്ദേശീയ പ്രകൃതിയെയും സംസ്കാരപ്രകൃതിയെയും ധാർമ്മിക-സൗന്ദര്യാത്മക പ്രകൃതിയെയും അപകോളനീകരിക്കാൻ മലയാളികൾ ശ്രമിച്ചിട്ടുണ്ടെങ്കിലും യൂറോപ്യൻ ഭരണനിർവ്വഹണരീതിയുടെ പ്രലോഭനത്തിൽ പ്രതിരോധം ദുർബ്ബലമായി. സൈനികമായ കോളനിവൽക്കരണത്തേക്കാൾ അഗാധമായ സംസ്ക്കാരികകോളനിവൽക്കരണം ഇംഗ്ലീഷ് വിദ്യാഭ്യാസം, ഇംഗ്ലീഷ് വൈദ്യം, ഇംഗ്ലീഷ് കൃഷി, കോടതി, കലാസങ്കൽപ്പങ്ങൾ (റിയലിസം, ...) എന്നിവ വഴി മുഴുമിച്ചു. അലോപ്പതി രോഗകാരണമായി പ്രകൃതിയിലെ രോഗാണുക്കളെ കണ്ടെത്തി. കാർട്ടീഷ്യൻ വിഷയിയുടെ ദൃഷ്ടി പ്രകൃതിയെ പുറംസ്ഥലമായി കണ്ടെത്തി. പ്രകൃതി വിഭവമായി. സ്വാതന്ത്ര്യപ്രാപ്തിയോടെ നെഹ്റൂവിയൻ ആധുനികതയുടെ ദേശരാഷ്ട്ര വിരാട് പുരുഷൻ പാശ്ചാത്യ വിരാട് പുരുഷനെ പുതുക്കി. ദേശരാഷ്ട്രത്തിലേക്ക് പ്രാകൃതരെ വികസനാധുനികത വഴി പൗരരാക്കി ഘടിപ്പിക്കേണ്ട നിയോഗം ആധുനിക സവർണ്ണ പുരുഷനായി.

കേരളത്തിലെ വികസനാധുനികത 19-ാം നൂറ്റാണ്ടിലെ തിരുവിതാംകൂറിലെ ഭരണ നിർവ്വഹണത്തിലും സംരംഭകത്വത്തിലും ഉണ്ടായ ആധുനികവൽക്കരണ ത്തോടെയാണ് രൂപം കൊണ്ടത്.(4) മിഷ്യനറി ആധുനികതയെന്ന് എസ്. രാജു വിളിക്കുന്ന ഈ വികസനാധുനികതയിൽ പാശ്ചാത്യ ശാസ്ത്ര പ്രചരണം ആദ്യം ഏറ്റെടുത്തത് മിഷ്യനറിമാരായിരുന്നു. ഈ അധിനിവേശ വിസർജ്ജ്യം പിന്നീട് യുക്തിവാദികളും ശാസ്ത്രവാദികളും നാണമില്ലാതെ ഏറ്റെടുത്തു. പ്രകൃതിയോടുള്ള ഉപകരണാത്മക യുക്തിയും ജീവജാലങ്ങളോടുള്ള ഹിംസാത്മകതയും ഈ വ്യവഹാരത്തിന്റെ ഫലമാണ്. വിദ്യാഭ്യാസമേഖലയിലെ മികവു കാരണം വികസനാധുനികതയുടെ മുൻനിരക്കാർ നായർ, ക്രിസ്ത്യൻ വിഭാഗങ്ങളായിരുന്നു. കേരളത്തിലെ എല്ലാ സാമൂഹ്യവിഭാഗങ്ങളും വികസനാധുനികതയുടെവശീകരണത്തിൽപ്പെട്ട് പ്രകൃത്യാധിനിവേശക്കാരായിട്ടുണ്ട്. ആദിവാസികൾ മാത്രം ഭാഗികമായി ഈ മാന്ത്രികവലയം ഭേദിച്ചു.

**ജെല്ലിക്കെട്ട്**

തമിഴ്നാട്ടിലെ മൃഗയാനുഷ്ഠാനമായ 'ജെല്ലിക്കെട്ട്' ഹിംസാത്മകമായ യുദ്ധക്കളിയാണ്. ഈ ചെലവഴിക്കൽ രീതിയിലൂടെ, ബലിയിലൂടെ വിശുദ്ധ സ്ഥാനം നേടുന്നു. ആണുശിരിന്റെ സാമൂഹ്യ പ്രകടനമാണിത്. ഒട്ടേറെ തമിഴ് സിനിമകളിൽ ജെല്ലിക്കെട്ട് വീരനായകന്റെ വീരത്തിന്റെ ചിഹ്നമായി മാറുന്നുണ്ട്.

റെനെ ഗിരാർഡ് ഇത്തരം സാമൂഹ്യാനുഷ്ഠാനങ്ങളുടെ പ്രചോദനമായി അനുകരണാത്മകതൃഷ്ണയെ (mimetic desire)കണ്ടെത്തുന്നു. അപരർ വിജയി കളാകുന്നതിനോടുള്ള അസൂയയും പകയും മത്സരവും ഇതിലേക്കു പ്രേരണയാകുന്നു. അപരരുടെ തൃഷ്ണാ വസ്തുവാകാനുള്ള തൃഷ്ണയാണ് തൃഷ്ണ.

**അനുഷ്ഠാനഹിംസകൾ**

ലിജോ ജോസ് പല്ലിശ്ശേരിയുടെ നായകൻ, ആമേൻ, സിറ്റി ഓഫ് ഗോഡ്, ഡബിൾ ബാ

രൽ, അങ്കമാലി ഡയറീസ്, ഈ.മ.ഔ. എന്നീ സിനിമകളിലെല്ലാം ഈ അനുകരണാത്മക തൃഷ്ണാപ്പടർച്ചയും സാമൂഹ്യാനുഷ്ഠാനങ്ങളും ഉണ്ട്. ആറാം തമ്പുരാൻ, ഉസ്താദ്, ദേവാസുരം, ആര്യൻ, ധ്രുവം, എന്നീ സിനിമകളിൽ ക്ഷേത്രം, സവർണ്ണാധികാരം എന്നീ ഉദാത്ത മേലകളെ നിലനിർത്താൻ വേണ്ടിയുള്ള ഹിംസയാണെങ്കിൽ ഇവയിൽ ഹിംസയെ സൗന്ദര്യവൽക്കരിക്കുകയോ ഉദാത്തീകരിക്കുകയോ ചെയ്യുന്നില്ല. അശ്രീകരഭാവങ്ങളും അശ്രീകരശരീരങ്ങളുമുള്ള കാർണിവൽ ആണിവ. നായകനിൽ കഥകളിയുടെ അനുകരണാത്മക ക്രിയയാണ് അക്രമം. ആമേനിൽ വാദ്യമത്സരവും നായിക എന്ന തൃഷ്ണാവസ്തുവും ഹിംസാത്മകമായ തൃഷ്ണാപ്പകർച്ചക്ക് കാരണമാകുന്നു. മത്സരത്തിൽ പ്രത്യക്ഷ ഹിംസയില്ല. പ്രതീകാത്മക ഹിംസയേ ഉള്ളൂ. സിറ്റി ഓഫ് ഗോഡിൽ വികസന സംരംഭങ്ങളും കാമവും തൃഷ്ണാവിനിമയത്തിന്റെ പ്രേരണയാകുന്നു. ഡബിൾ ബാരൽ ചിത്രകഥകളുടെ ആഖ്യാനരീതി പിന്തുടരുന്ന സാഹസിക നിധിവേട്ടയാണ്. അങ്കമാലി ഡയറീസ്, ഇറച്ചികച്ചവടം എന്ന സംരംഭത്തിലെ സംഘർഷമാണ്. ഈ.മ.യൗ. ശവമടക്ക് എന്ന സാമൂഹ്യാനുഷ്ഠാനത്തിലെ സംഘർഷങ്ങളാണ്. വിശുദ്ധാവിശുദ്ധ മേലകൾ കലരുന്നതാണ് ഈ സിനിമകളുടെ ആഖ്യാനഗതി. കഥകളിൽ ആന്തരികതയെക്കാൾ ശരീരാവതരണങ്ങളിലൂടെയാണ് ഓരോരുത്തരും വിഷയികളാകുന്നത്.

എസ്. ഹരീഷിന്റെ 'മാവോയിസ്റ്റ്' എന്ന കഥ മനുഷ്യരുടെ ജീവിത ലോകത്തെ മനുഷ്യാനന്തര കാഴ്ച്ചപ്പാടിൽ നിന്ന് നോക്കുന്നതാണ്. മനുഷ്യരുടെ ക്ഷുദ്രവികാരങ്ങളുടെ എഴുത്തുകാരനായ ഹരീഷിന്റേത് പാഗൻ സൗന്ദര്യ ശാസ്ത്രമാണ്. വിശുദ്ധവും ലൗകികവും ഇടകലരുന്നതാണിവ.

ഇറച്ചിക്കച്ചവടക്കാരനായ കാലൻ വർക്കിയുടെ പോത്ത് അറുക്കും മുമ്പേ കെട്ടുപൊട്ടിച്ച് ഓടി. വികസനാധുനികത സൃഷ്ടിച്ച സ്വകാര്യവിഭവലോകത്തെ തകർത്തുകൊണ്ടാണ് പോത്തിന്റെ സഞ്ചാരം. കൃഷിയിടങ്ങൾ, കാർഷിക വിഭവങ്ങൾ, സ്ഥാപനങ്ങൾ, വാഹനങ്ങൾ എന്നിങ്ങനെ സ്വകാര്യസ്വത്തുടമസ്ഥതയെ അസ്വസ്ഥമാക്കുന്നതാണ് പോത്തിന്റെ സാന്നിദ്ധ്യം. 'പോത്തുമേധം' നാട്ടുകാരുടെ പൗരുഷത്തിന്റെയും വികസനാധുനികതയുടെ സംരക്ഷണത്തിന്റെയും പ്രശ്നമായി മാറി. അനുകരണാത്മക തൃഷ്ണയുടെ പകർച്ചയിൽ പല രീതിയിൽ നാട്ടുകാർ പെട്ടുപോകുന്നുണ്ട്. വർക്കിക്ക് കാട്ടിലേക്ക് പോത്തു കേറിയാൽ സ്വന്തം പോത്തുടമസ്ഥത നഷ്ടമാകുമെന്ന് പേടിയുണ്ട്. ആന്റണിയ്ക്ക് പോത്തുവിജയം വർക്കിയുടെ മകൾ ലൂസിയുടെ തൃഷ്ണാവസ്തുവാകാനുള്ള തൃഷ്ണയാണ്. കുട്ടിച്ചന് പോത്തുവേട്ട ആന്റണിയോടുള്ള പ്രതികാരമാണ്. കുര്യാച്ചന് പോത്തിന്റെ നഷ്ടം കല്യാണമുറപ്പിക്കൽ ചടങ്ങിലെ ഇറച്ചിയുടെ നഷ്ടമാണ്. പോലീസുകാരന് ഭാര്യയോടുള്ള ഹിംസാത്മക പെരുമാറ്റത്തിന്റെ അനുബന്ധമായി നാട്ടുകാരോട് കലിപ്പ് തീർക്കാനുള്ള സന്ദർഭമാണ്. പോത്തുവേട്ട സമൂഹത്തിലെ നിരവധി സംഘർഷങ്ങളുടെ ശൃംഖലാ പ്രവർത്തനമായി മാറുന്നു. പാർട്ടിക്കാരും മറുനാടൻ പോത്തുവേട്ടക്കാരും തമ്മിൽ സംഘർഷം ഉണ്ടാകുന്നു. സിനിമ ഏതെങ്കിലും പ്രത്യേക ആഖ്യാനസ്ഥാനം അവലംബിക്കുന്നില്ല. ഏതെങ്കിലും സമുദായത്തിന്റെ ഹിംസാത്മകതയെ വിമർശിക്കുന്നുവെന്ന് പറയാനാവില്ല. എല്ലാ സമുദായക്കാരും ഇറച്ചി തീറ്റയിലും പോത്തുവേട്ടയിലും പ്രത്യക്ഷമായോ പരോക്ഷമായോ പങ്കെടുക്കുന്നുണ്ട്.

വികസന തൃഷ്ണയുടെ ഈ പടർച്ച പ്രകൃതിയോടും ജീവജാലങ്ങളോടും ചെയ്തിട്ടുള്ള ക്രൂരതയുടെ കാരണം ആദിമമായ ജീവവാസനയല്ല. യുക്തി തന്നെയാണ്. ഒരു വികാരവും പ്രകൃതിദത്തം/സാമൂഹികം എന്നു വിഭജിക്കാനാവില്ല. ജൈവ സാമൂഹിക പ്രക്രിയയാണ് ഓരോ ഭാവവും. ഈ നിലയ്ക്ക് വികസനാധുനികതയുടെ ആന്തരിക വൈരുദ്ധ്യങ്ങളെ മനുഷാനന്തര നിലപാടിൽ നിന്ന് അപകോളനീകരണാത്മക പരിസ്ഥിതി ആത്മീയതയിൽ നിന്ന് പ്രത്യക്ഷവൽക്കരിക്കാനുള്ള സാദ്ധ്യത ഈ സിനിമ നഷ്ടപ്പെടുത്തി. കഥാന്ത്യത്തിൽ പോത്ത് രക്ഷപ്പെടുന്നത് നന്നായെങ്കിലും ആൾക്കൂട്ടത്തിന്റെ ഹിംസാത്മക മത്സരത്തെ പ്രാചീന ഗോത്രങ്ങളിലെ വേട്ടയുടെ ഹിംസയുമായി ചേർത്തുവെയ്ക്കുന്നതിലൂടെ പോത്തുവേട്ടയുടെ പിറകിലെ പാരിസ്ഥിതിക സാമ്രാജ്യത്വത്തിന്റെ വികസനതൃഷ്ണയുടെ ഭാവപ്പകർച്ചകളെ മറച്ചുവെയ്ക്കുന്നു. മലയാളത്തിലെ മനുഷ്യാനന്തര സിനിമയുടെ മികച്ച മാതൃക എന്ന പദവി ഈ സിനിമയ്ക്ക് അതുവഴി നഷ്ടപ്പെടുന്നു.

**സൂചിക:**


1. എൻ.എ. നസീറിന്റെ കാടേത്? പുലിയേത്? ഞാനേത്? എന്ന പുസ്തകത്തിന്റെ തലേക്കെട്ടിന്റെ പാഠഭേദമാണ് ഈ തലേക്കെട്ട്.

2. George Battaille, The Accused share Volume 1, 2, 3. Zone Books, Newyork.

3. Rene Girard, Sacred and Violence. Continuum, 2005, Pages 51-52

4. S. Raju, Developmentalism in Kerala, Niravu, August 2002. ■